## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3030 — 22.02.2016-ൽ മറുപടിക്ക്

### ചേർത്തല മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡു പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പു വഴി നടപ്പിലാക്കുന്നതും മണ്ഡലം ആസ്തി വികസന ഫണ്ട് വിനി യോഗിച്ച് നഗരസഭാ പ്രദേശങ്ങളിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി നൽകിയിട്ടുള്ളതുമായ നിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് എന്തുകൊണ്ടാണെന്ന് പറയാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | 2015-2016 കാലയളവിലെ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് വർക്കുകളിൽ ചേർത്തല നഗരസഭ പ്രദേശത്തെ എത്ര റോഡുകളുടെ ഭരണാനുമതി ഉത്തരവുകൾക്കുള്ള ഫയലുകളാണ് സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് ഡി.സി സെക്ഷനിൽ എത്തിയിട്ടുള്ളതെന്ന് പറയാമോ, ഈഫയലുകൾ സെക്ഷനിൽ എത്തിയത് എന്നാണെന്നും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചത് എന്നാണെന്നും തിരികെ തദ്ദേശസ്വയംഭരണ വകുപ്പ് ഡി.സി സെക്ഷനിൽ എത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ, ഭരണാനുമതി ഉത്തരവ് ഇനിയും നൽകാത്തവരുടെ കാര്യത്തിൽ എന്തുകൊണ്ടാണ് കാലതാമസം വരുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | മററു പല വകുപ്പുകളിലും ആസ്തി വികസനവുമായി ബന്ധപ്പെട്ട വിഷയം ജില്ല തിരിച്ച് 3 സീററുകളിലായാണ് കൈകാര്യം ചെയ്യുന്നത് എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഡിസി3 സീററിലാണ് കേരളത്തിൽ എമ്പാടുമുള്ള കോർപറേഷൻ/ മുനിസിപ്പാലിററികളുടെ ആസ്തി വികസനവുമായി ബന്ധപ്പെട്ട റോഡ് വർക്കുകളുടെ ഫയൽ കൈകാര്യം ചെയ്യുന്നത്. ഇതിന് പുറമെ ടെണ്ടർ അധിക നിരക്കുമായി ബന്ധപ്പെട്ട ഫയലുകളും മുനിസിപ്പാലിററി / കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട കോടതി കേസുകളും കേരളത്തിലെ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട പെററീഷനുകളും ഇതുമായി ബന്ധപ്പെട്ട ഫയലുകളും ഹർജികൾ സംബന്ധിച്ച് സമിതിയുടെ ഫയലുകളും മിസലേനിയസ് ഫയലുകളും കൈകാര്യം ചെയ്യുന്നത് ഡിസി3 സീററിലാണ്. അസിസ്ററന്റുകൾ മാറി മാറി വന്നതു നിമിത്തവും ഫയലുകൾ പെന്റിംഗ് വന്നിട്ടുണ്ടെന്നും അസംബ്ളിയുടെ ഈ സെഷനിൽ ഈ സീററിൽ നിന്നും 19 ചോദ്യങ്ങൾക്ക് മറുപടി നല്കേണ്ടതുള്ള തിനാലും അമിത ജോലി ഭാരം ഉള്ളതിനാലും ഈ ചോദ്യം സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ